**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് The Protection of Civil Rights Act, 1955 നിലവിലുണ്ട്. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ ഭേദഗതി നിയമം 2015 എന്നിവ പ്രകാരവും ടി വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കി വരുന്നുണ്ട്. |
| (ബി) | പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സാമൂഹിക ഉന്നമനത്തിനുമായി കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പട്ടികജാതിയിൽപ്പെട്ടവരും പട്ടികേതര ജാതിയിൽപ്പെട്ടവരും തമ്മിലുള്ള മിശ്രവിവാഹത്തിന് 50% കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് മിശ്രവിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 75,000/-രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പ് ഡോ.ബി.ആർ.അംബേദ്ക്കർ ഫൗണ്ടേഷൻ മുഖേന ഡോ.ബി.ആർ.അംബേദ്ക്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർ-കാസ്റ്റ് മാര്യേജ് എന്ന പദ്ധതി പ്രകാരവും 2.5 ലക്ഷം രൂപ മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നു. |
| (സി) | പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കി ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ; | (സി) | പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അപേക്ഷയുടെ മുൻഗണനാ ക്രമത്തിൽ ധനസഹായം അനുവദിച്ചുവരുന്നു. |
| (ഡി) | പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ | (ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ എല്ലാ വർഷവും ബോധവത്ക്കരണ പരിപാടികൾ |

| | | | |
|---|---|---|---|
| | പരിപാടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | | പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തുന്നുണ്ട്. ആയതിന്റെ ഭാഗമായി സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ് വിതരണം എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതിന് പുറമേ പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് പട്ടികജാതി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ജനമൈത്രി പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേന ബോധവത്ക്കരണ ക്ലാസുകളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ